നിയമവിരുദ്ധമായി ലൈസൻസില്ലാതെ വാഹനം ഓടിക്കുന്നതുമൂലമുള്ള അപകടങ്ങളെ കുറിച്ചും ഇതുമൂലമുണ്ടാകുന്ന നിയമ പ്രശ്നങ്ങളെക്കുറിച്ചും അവരെ പറഞ്ഞ് മനസ്സിലാക്കുകയും ചെയ്യുന്നു. സ്കൂളുകൾ തോറും രൂപീകരിച്ചിട്ടുള്ള റോഡ് സേഫ്റ്റി ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ, എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് തുടങ്ങിയവയുടെ നേതൃത്വത്തിൽ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്, സന്നദ്ധ സംഘടനകൾ, ഹൈവേ ജാഗ്രതാ സമിതികൾ തുടങ്ങിയവയുമായി കൂടിച്ചേർന്ന് എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലുമുള്ള സ്കൂളുകളിൽ ട്രാഫിക് ബോധവത്കരണ ക്ലാസ്സുകളും ട്രാഫിക് ക്വിസ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ സംസ്ഥാന സർക്കാരും പോലീസ് വകുപ്പുംകൂടി ചേർന്ന് നടത്തുന്ന 'ശുഭയാത്ര 2015' എന്ന പദ്ധതിയിൽപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകളും സ്കൂളുകളിൽ നടത്തിവരുന്നുണ്ട്.

പാലക്കാട് ജില്ലയിലെ റോഡപകടങ്ങൾ

154 (4489) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര റോഡപകടങ്ങൾ സംഭവിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേർ മരണപ്പെടുകയുണ്ടായി ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ജില്ലയിലെ റോഡ് സുരക്ഷാ കൗൺസിലോ സർക്കാരോ ഇതിനുവേണ്ടി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1348 റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 212 പേർ മരണപ്പെടുകയുണ്ടായി.

(സി) വാഹന പരിശോധന, ബോധവത്കരണം എന്നിവ നടത്തിയും മദ്യപിച്ച് വാഹനം ഓടിക്കുന്നവർ, അമിത വേഗതയിൽ വാഹനം ഓടിക്കുന്നവർ എന്നിവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും മറ്റും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഉണ്ട്. റോഡ് സുരക്ഷാ പദ്ധതിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 4,49,031 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിൽ നിന്നും 5 ലക്ഷം രൂപ റോഡ് സുരക്ഷാ പദ്ധതിക്കായി 19-5-2013-ന് അനുവദിക്കുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly